# സെർച്ച്

അബ്ദുൽ ഹന്നാൻ എടവനക്കാട്

പുൽനാമ്പിൽ ശയിക്കുന്ന മഞ്ഞ്തുള്ളി
മണ്ണിൻ സ്മരണയിലേക്ക് മറയാൻ വെമ്പുന്നു
പ്രകാശത്തിൽ തട്ടിചിതറിയ പല വർണങ്ങൾ
പച്ചയുടുത്ത വയലിൻ നടുവിൽ കുളം
വരാലും തവളയും ഒളിച്ചുകളി തുടരുന്നു
ആഗ്രഹങ്ങൾ അതിരുകളെ തകർത്തു
ബിപ്.... ബിപ്.... ബിപ്....
യന്ത്രം മുന്നറിയിപ്പ് നൽകി
മനസ്സ് ചോദ്യങ്ങളിൽ കുളിച്ചു
വെള്ളം കുപ്പിയിൽ തരുന്നില്ലേ?
വായു ട്യൂബിലും....
വയലും കുളവും യൂട്യൂബിലില്ലേ?
പ്രകൃതി ഗൂഗിളിലും....
മഞ്ഞ് തുള്ളി സെർച്ച് ചെയ്ത് നോക്ക്....
നിന്റെ ആഗ്രഹങ്ങൾ ഭൂത കാലത്തേക്കുള്ള വാതിലുകളാണ്
ഭാവിയിലേക്കുള്ള താഴും....



മുഹമ്മദ് ഷമീം തിരൂർ



## ആർക്കുവേണ്ടി

ഉരുകുന്ന മെഴുകുതിരി പോലും
'ആർക്കുവേണ്ടി' എന്ന
ചോദ്യത്തിന് ഉത്തരം
കണ്ടെത്താൻ ശ്രമിക്കുന്നു.

## ആഗ്രഹം

എഴുതാനിരുന്നപ്പോൾ
മുനയൊടിഞ്ഞ പെൻസിലിന്റെ
നോവുപോലും ഞാൻ അറിഞ്ഞു.
ഒരു പക്ഷെ,
അതാഗ്രഹിച്ചിട്ടുണ്ടാകാം
ഒഴിച്ചിട്ട പേജുകൾ
പിന്നീടൊരിക്കൽ എഴുതി തീർക്കാമെന്ന്....